കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പത്തനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-11-1253 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം

തീയതി, 06/07/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പത്തനാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പത്തനാപുരം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-2, 2-4, 2-5 എന്നീ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-6 ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-കെ.എൽ.എം-പി-11/1253 /2017 തീയതി:06/07/2017

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ

2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-01-2017 മുതൽ 15-06-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.ഗീത.എം. | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16-06-2017 മുതൽ 29-06-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സജികുമാർ.ജി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.വി.എസ്.അനീഷ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.നജീബ് മുഹമ്മദ്.എച്ച് | 01-04-2016 മുതൽ<br>31-03-2017 വരെ |
| സെക്രട്ടറി | ശ്രീമതി.കെ.ജി.ലീനകുമാരി,<br>അസിസ്റ്റന്റ് സെക്രട്ടറി | 01-04-2016 മുതൽ<br>16-08-2016 വരെ |
| | (സെക്രട്ടറിയുടെ ചാർജ്ജ്) | |
| | ശ്രീ.ശരത്ചന്ദ്രൻ | 17-08-2016 മുതൽ<br>25-08-2016 വരെ |
| | ശ്രീ.ബൽജിത് ജീവൻ | 26-08-2016 മുതൽ<br>18-10-2016 വരെ |
| | ശ്രീമതി.കെ.ജി.ലീനകുമാരി,<br>അസിസ്റ്റന്റ് സെക്രട്ടറി | 19-10-2016മുതൽ<br>27-10-2016 വരെ |
| | (സെക്രട്ടറിയുടെ ചാർജ്ജ്) | |
| | ശ്രീ.ബൽജിത് ജീവൻ | 28-10-2016 മുതൽ<br>16-01-2017 വരെ |
| | ശ്രീമതി.കെ.ജി.ലീനകുമാരി,<br>അസിസ്റ്റന്റ് സെക്രട്ടറി | 17-01-2017 മുതൽ<br>27-01-2017വരെ |
| | (സെക്രട്ടറിയുടെ ചാർജ്ജ്) | |

| | | |
|---|---|---|
| | ശ്രീ.ബൽജിത് ജീവൻ | 27-01-2017 മുതൽ<br>09-02-2017 വരെ |
| | ശ്രീ.എം.വിജയൻ | 09-02-2017 മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ.ജി.ലീനാകുമാരി | 01-04-2016 മുതൽ<br>31-03-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബീനാനാരായണൻ | 01-04-2016 മുതൽ<br>30-09-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രശ്മി.പി.നായർ | 30-09-2016 മുതൽ<br>31-03-2017 വരെ |
| വി.ഇ.ഒ | ശ്രീമതി.രജനി.പി.എസ് | 01-04-2016 മുതൽ<br>06-02-2017 വരെ |
| വി.ഇ.ഒ | ശ്രീ.സന്തോഷ് ജോസഫ് | 01-04-2016 മുതൽ<br>31-03-2017 വരെ |
| വെറ്ററനറി സർജൻ | ഡോ.ഉമ്മൻ.പി.രാജ് | 01-04-2016 മുതൽ<br>31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുനിൽ | 01-04-2016 മുതൽ<br>22-09-2016 വരെ |
| | ശ്രീ.വേണുഗോപാൽ.വി | 22-09-2016 മുതൽ<br>31-03-2017 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രഭാകാന്തി | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പത്തനാപുരം | ഡോ.വിപിൻ.ജെ.പ്രദീപ് | 01-04-2016 മുതൽ 13-07-2016 വരെ |
| | ഡോ.വികാസ് | 13-07-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.കെ.എസ്.ജയകുമാർ | 01-04-2016 മുതൽ 30-11-2016 വരെ |
| | ഡോ.പ്രീതാ നായർ | 30-11-2016 മുതൽ 17-01-2017 വരെ |
| | ഡോ.അബ്ദുൾ മസാനി | 17-01-2017 മുതൽ 31-03-2017 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ഫാത്തിമാ ബീബി | 01-04-2016 മുതൽ 03-07-2016വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ജെസിയമ്മ.ജെ | 04-07-2016 മുതൽ 31-03-2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-1 |
| 13 | ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ശേഷം ലേല വ്യവസ്ഥകളിൽ പഞ്ചായത്ത് കമ്മിറ്റി ഇളവ് നൽകി- ക്രമവിരുദ്ധ നടപടി | 2-2 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 |
| 15 | രസീത് പരിശോധന - ശ്രദ്ധയിൽപെട്ട അപാകതകൾ | 2-4 |
| 16 | ലേല നിബന്ധന പ്രകാരമുള്ള പലിശ ഈടാക്കിയില്ല 19825/-രൂപ നഷ്ടം | 2-5 |
| 17 | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 150 ച.മി കവിഞ്ഞ കെട്ടിടങ്ങൾക്കും പെർമിറ്റ് ഫീസ് നിരക്കിൽ ഇളവ് നല്കി -551/- രൂപ വരവ് നഷ്ടം | 2-6 |
| 18 | വസ്തു നികുതി നിർണ്ണയിച്ചതിൽ 3275/- രൂപയുടെ കുറവ് | 2-7 |
| 19 | ഷോപ്പിംഗ് കോംപ്ലക്സിലെ വാടക 192666/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 2-8 |
| | ഭാഗം -3 | |
| 20 | ഗുണഭോക്തൃസമിതികൾ വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 3-1 |
| 21 | ഉദ്ഘാടന യോഗങ്ങൾക്ക് അധികം ചെലവഴിച്ച തുക 42374/- രൂപ നിരാകരിക്കുന്നു | 3-2 |
| 22 | പട്ടികജാതി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മാണം നിർവ്വഹണത്തിലെ അപാകതകൾ മൂലം 2015268/-രൂപ തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 13,43,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 24 | സ്റ്റുഡൻസ് പോലീസിനു ധനസഹായം (223/17) - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, തനത് ഫണ്ടിനു പകരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു - 50,000/ രൂപാ തടസ്സപ്പെടുത്തുന്നു | 3-5 |
| 25 | ഷോപ്പിംഗ് കോംപ്ലക്സ് അടിസ്ഥാന സൗകര്യ വികസനം (58/17)- അപാകതകൾ- 4,95,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 26 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ - 49898/- രൂപ തടസ്സപ്പെടുത്തുന്നു | 3-7 |
| 27 | വിവിധ പദ്ധതികളിൽ ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റി – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല - 2,05,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 28 | ഭവനപുനരുദ്ധാരണം-സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിച്ചു-25000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-9 |
| 29 | സർക്കാർ നിജപ്പെടുത്തിയിരുന്ന നിരക്കിൽ നിന്നും അധികരിച്ച് വില നൽകി -പഞ്ചായത്ത് ഫണ്ടിന് 25790/-രൂപ നഷ്ടം | 3-10 |
| 30 | ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ഒടുക്ക് വരുത്തിയിട്ടില്ല | 3-11 |
| 31 | വിനിയോഗ വിവരമില്ല-ചെലവ് തുക 191780/-രൂപ തടസ്സപ്പെടുത്തുന്നു | 3-12 |
| 32 | പാലിന് സബ്സിഡി നൽകിയത് ഏകീകൃത നിരക്കിലല്ല -ചെലവ് തുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-13 |
| 33 | പഞ്ചായത്തിന്റെ രേഖകളിലുൾപ്പെടാത്ത വാട്ടർ ടാപ്പിന് ചാർജ്ജ് ഈടാക്കുന്നു | 3-14 |
| 34 | മഴക്കാല പൂർവ്വ ശുചീകരണം ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല – ചെലവ് തുക 180000/-രൂപ തടസ്സപ്പെടുത്തുന്നു | 3-15 |
| 35 | ശമ്പള കുടിശ്ശികയിനത്തിൽ അധികം നൽകി- 8466/-രൂപയുടെ അധിക ചെലവ് | 3-16 |
| 36 | സ്കൂൾ വിദ്യാർത്ഥികൾക്ക് സാനിട്ടറി നാപ്കിൻ എന്ന പദ്ധതി നാളിതു വരെ നടപ്പിലാക്കിയിട്ടില്ല – ചെലവ് തുക 63000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-17 |
| 37 | മരുന്ന് വിതരണത്തിനായി തുക മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല – ചെലവ് തുക 575000/-രൂപ തടസ്സപ്പെടുത്തുന്നു | |
| | ഭാഗം -4 | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29-02-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 16-06-2017 | | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 16-06-2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

1)ബാലൻസ് ഷീറ്റിൽ -ഷെഡ്യൂൾ ബി-4-ൽ ICDS -കോർപ്പസ്വിഷ്കൃത ഫണ്ടിൽ 77175/-രൂപ ബാധ്യത കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു.

2)ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-12 ഇൻവെസ്റ്റ്മെന്റിൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് തുക ഉൾപ്പെടുത്തിയിട്ടില്ല.

3)ഷെഡ്യൂൾ RP-7 തൊഴിൽ രഹിത വേതന തുകയിൽ ചെലവ് കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു.

4)വസ്തു നികുതി വരവ്-സഞ്ചയ സോഫ്റ്റ്‌വെയർ കൃത്യമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിലാൽ ബാലൻസ് ഷീറ്റിൽ ഉൽപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32218565 |
| വരവ് | 76158049 |
| ആകെ | 108376614 |
| ചെലവ് | 66202096 |
| നീക്കിബാക്കി | 42174518 |

മുൻ വർഷത്തിലെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിബാക്കിയിലുള്ള അപാകത പരിഹരിച്ചിരിക്കുന്നതിനാൽ മുൻ റിപ്പോർട്ട് പ്രകാരമുള്ള നീക്കിബാക്കിയുമായി 16-17 സാമ്പത്തിക വർഷത്തെ മുൻബാക്കി തുക പൊരുത്തപ്പെടുന്നില്ല.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | ഇല്ല | 13590816 | 13590816 | 13590816 | ഇല്ല | 100 |
| വികസന ഫണ്ട് എസ്.സി.പി. | ഇല്ല | 5819314 | 5819314 | 5819314 | ഇല്ല | 100 |
| വികസന ഫണ്ട് ടി.എസ്.പി. | ഇല്ല | 0 | 0 | 0 | ഇല്ല | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ഇല്ല | 8096762 | 8096762 | 8096762 | ഇല്ല | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | ഇല്ല | 3567757 | 3567757 | 3567757 | ഇല്ല | 100 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല്ല | 7320081 | 7320081 | 7320081 | ഇല്ല | 100 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | ഇല്ല | 850108 | 850108 | 850108 | ഇല്ല | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 2234 | 1132996 | 1135230 | 1040157 | 95073 | 92 |
| ബി ഫണ്ട് | ഇല്ല | 358200 | 358200 | 358200 | ഇല്ല | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 113637849 | 127 | 47116190 | 15 | 71 | 65 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8737500 | 9793362 | 1055862 | 12 |
| നികുതിയേതര വരവുകൾ | 7022837 | 8257907 | 1235070 | 18 |
| മറ്റ് വരവുകൾ | 9383335 | 11349461 | 1966126 | 21 |
| ആകെ | 25143672 | 29400730 | 4257058 | 17 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 238200 | 261 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4154530 | 458 |
| വിധവാ പെൻഷൻ | 13630565 | 1257 |
| വാർദ്ധക്യകാല പെൻഷൻ | 27592545 | 1903 |
| വികലാംഗ പെൻഷൻ | 3407245 | 303 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 143320 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-06-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തനത് ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റി ക്രമ പ്രകാരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് വക വാഹനങ്ങളിൽ ഇന്ധന ക്ഷമതാ പരിശോധന യഥാസമയം നടത്തിയിട്ടില്ല. ഇന്ധന ഉപയോഗം സംബന്ധിച്ച മാസാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി വരുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-05-2017 | 03/2017 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-01-2017 മുതൽ 21-01-2017 വരെ | 2011-12 മുതൽ 2015-16 വരെ | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില,

വാറ്റ് എന്നീ ഇനങ്ങളിൽ ലഭിച്ച തുക കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പത്തനാപുരം പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4/20-06-2017) ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലായെന്നും ആയതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

ടെണ്ടർ ഫാറം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുക പത്തനാപുരം ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതും, വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്.

## 2-2 <u>ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയ ശേഷം ലേല വ്യവസ്ഥകളിൽ പഞ്ചായത്ത് കമ്മിറ്റി ക്രമ വിരുദ്ധമായി ഇളവ് നൽകി **-801000/-** രൂപ ഈടാക്കാനവശേഷിക്കുന്നു</u>

ലേലം പൂർത്തിയാക്കിയ ശേഷം ലേല വ്യവസ്ഥകളിൽ പഞ്ചായത്ത് കമ്മിറ്റി ഇളവ് നൽകിയത് കാരണം 801000/- രൂപ ഈടാക്കാൻ കഴിഞ്ഞില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

2016-17 സാമ്പത്തിക വർഷം അംഗീകൃത സ്ലോട്ടർ ഹൗസിൽ ആട് -മാടുകളെ കൊണ്ട് പോയി കശാപ്പ് ചെയ്തതിന് ശേഷം പത്തനാപുരം പഞ്ചായത്ത് വക മാർക്കറ്റിലെ സ്റ്റാളുകളിൽ കൊണ്ട് വന്ന് വില്പന ചെയ്യുന്നതിനുള്ള അവകാശം 28/03/2016 ൽ ലേലം ചെയ്യുകയുണ്ടായി. 17/03/2016 ലെ എ2/151/2016 നമ്പർ ലേല പരസ്യത്തിലെ നിബന്ധന പ്രകാരം 50000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും, ലേലം പഞ്ചായത്ത് അംഗീകരിക്കുന്ന ദിവസം തന്നെ മുഴുവൻ തുകയും ഒടുക്ക് വരുത്തേണ്ടതും ലേലം കൊള്ളുന്ന വ്യക്തി മുഴുവൻ തുകയും ഒടുക്ക് വരുത്തിയില്ലയെങ്കിൽ തൊട്ടടുത്ത ലേലക്കാരിൽ ആരാണോ തുക ഒടുക്കുന്നത് അവർക്ക് ലേലം ഉറപ്പിച്ച് നൽകേണ്ടതുമാണ്.

28/03/2016-ലെ ലേല ഡയറി പ്രകാരം ശ്രീ. റഷീദ്. ഷിബിൻ മൻസിൽ എന്നയാൾ(ക്രമ നമ്പർ 6) 18,00,000/- രൂപയും ശ്രീ മുഹമ്മദ് കാസിം, ഇരട്ടതെങ്ങ് വിള വീട്, എന്നയാൾ(ക്രമ നമ്പർ 10) 17,50,000/- വിളിച്ചിട്ടുണ്ട്. എന്നാൽ 29-03-2016-ലെ 1(1) നമ്പർ തീരുമാന പ്രകാരം ശ്രീ.അബ്ദുൾ കരിം, കാരമൂട്ടിൽ പുരയിടം എന്ന വ്യക്തിക്ക് 18,01,000/-രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകുവാൻ തീരുമാനിക്കുകയും ലേല തുക മൂന്ന് തവണയായി അടയ്ക്കാൻ ടിയാന് അനുമതിയും നൽകുകയും ചെയ്തു.

മേൽ തീരുമാനത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)ലേല നിബന്ധനയിൽ മുഴവൻ തുകയും കരാർ തീയതിയിൽത്തന്നെ അടയ്ക്കണമെന്നിരിക്കെ ലേലം നടത്തിയതിന് ശേഷം ലേല നിബന്ധനയിൽ ഇളവ് വരുത്തി. ആയതിനാൽ 28-03-2016-ലെ 11501109814 നമ്പർ രസീതി പ്രകാരം 50,000/-രൂപ നിരതദ്രവ്യവും 28-03-2016-ലെ 11501109813 നമ്പർ രസീതി പ്രകാരം 9,50,000/-രൂപയും ഉൾപ്പെടെ ആകെ 10,00,000/-രൂപ അടവാക്കിയ ശ്രീ.അബ്ദുൾ കരിമിന്റെ പേരിൽ

നിയമാനുസൃതമല്ലാത്ത രീതിയിലൂടെ ലേല വ്യവസ്ഥകളിൽ ഇളവ് നൽകി ലേലം സ്ഥിരപ്പെടുത്തി. ടിയാൻ മുഴുവൻ തുകയും ഒടുക്കാത്ത സാഹചര്യത്തിലും സോൾവെൻസി സർട്ടിഫിക്കറ്റ് ടിയാനിൽ നിന്നും വാങ്ങാതെ ലേലം ഉറപ്പിച്ചു നൽകി.

ബി) ലേല ഡയറി പ്രകാരം നിരതദ്രവ്യമായ 50,000/-രൂപ ഒടുക്കിയതൊഴിച്ചാൽ യാതൊരു തുകയും വിളിക്കാത്ത ശ്രീ.അബ്ദുൾ കരീമിന് ലേലംവിളി പൂർത്തിയായ ശേഷം തീയതിയോ വ്യക്തമായ തുകയോ രേഖപ്പെടുത്താത്ത കത്തിന്റെ അടിസ്ഥാനത്തിൽ ലേലം ഉറപ്പിച്ചു നൽകി. മേൽ കത്ത് മുദ്ര വച്ച കവറിലെ ക്വട്ടേഷനാണോ എന്നത് ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) ലേല ഡയറി പ്രകാരം കൂടുതൽ തുക വിളിച്ച റഷീദ്, ഷിബിൻ മൻസിൽ എന്ന വ്യക്തിയുടെ നിരതദ്രവ്യ തുക(50000/-രൂപ) ടിയാൻ വിളിച്ച ലേലതുക ഒടുക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതായി കാണുന്നില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28-06-2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലേല നിബന്ധനകളിൽ നിയമാനുസൃതമല്ലാത്ത നടപടികളിലൂടെ ഇളവ് വരുത്തിയതുമൂലം 801000/-രൂപ നാളിതുവരെ പഞ്ചായത്തിന് ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത തീരുമാനത്തിൽ പങ്കാളികളായ സെക്രട്ടറിയുടേയും 16 മെമ്പർമാരുടേയും ബാദ്ധ്യതയായി കണക്കാക്കുന്നു. നഷ്ടത്തുക തുല്യമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 <u>തൊഴിൽ നികുതി ഈടാക്കിയില്ല</u>

പത്തനാപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>എ. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതിൽ 3750/- രൂപ കുറവ്</u>

മൗണ്ട് ടബൂർ ഹൈസ്കൂൾ പത്തനാപുരം എന്ന സ്ഥാപനത്തിലെ 2016-17 ഒന്നാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതിയായി 77013/- രൂപ 07/10/2016 ലെ 1104518 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിലെ തൊഴിൽ നികുതി നിർണയ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ തൊഴിൽ നികുതി ഒടുക്കാത്തതുമായ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പേര് | തസ്തിക | കൈപ്പറ്റിയ അർദ്ധവർഷ വരുമാനം | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | വിജി.പി.ആർ | യു.പി.എസ്.എ | 250635 | 1250 |
| 2 | ബിജി സാറ കോശി | യു.പി.എസ്.എ | 298158 | 1250 |
| 3 | ലിബി ജേക്കബ് | യു.പി.എസ്.എ | 210273 | 1250 |

| | | | | |
|---|---|---|---|---|
| | ആകെ | | | 3750 |

ബി. <u>ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അൽ അമീൻ പബ്ലിക് സ്കൂൾ | രണ്ടാം അർദ്ധ വർഷം |
| 2 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് (രണ്ടാം ശാഖ) | രണ്ടാം അർദ്ധ വർഷം |
| 3 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | രണ്ടാം അർദ്ധ വർഷം |
| 4 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് | രണ്ടാം അർദ്ധ വർഷം |
| 5 | തെക്കേടത്ത് കണ്ണ് ആശുപത്രി | രണ്ടാം അർദ്ധ വർഷം |

ബി. <u>സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ</u>

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഔഷധി ഫാർമസ്യൂട്ടിക്കൽസ് | ഒന്ന്, രണ്ട് അർദ്ധ വർഷം |
| 2 | മാവേലി സ്റ്റോർ | രണ്ടാം അർദ്ധ വർഷം |
| 3 | ബി.എസ്.എൻ. എൽ | ഒന്ന്, രണ്ട് അർദ്ധ വർഷം |
| 4 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | ഒന്ന്, രണ്ട് അർദ്ധ വർഷം |
| 5 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് (രണ്ടാം ശാഖ) | ഒന്ന്, രണ്ട് അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-4 <u>17/01/2017 മുതൽ 16/06/2017 വരെയുള്ള രസീത് പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ-</u>

1. പിരിച്ചെടുത്ത 86762/- രൂപ ബാങ്ക് അക്കൗണ്ടിൽ അടവാക്കാതെ ഒരു മാസം കൈയ്യിൽ സൂക്ഷിച്ചു

23/02/2017ൽ രസീത് പിരിവിനത്തിൽ സ്വീകരിച്ച 86762/- രൂപ ഒരു മാസം കഴിഞ്ഞ് 24/03/2017ൽ മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ അടവാക്കിയത്. തുക അടവാക്കാതിരുന്നതിനുള്ള കാരണം വിശദീകരിക്കേണ്ടതും സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിയൊരുക്കുന്ന ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരുക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ്.

2. ഡിമാന്റ് പരിശോധിക്കാതെ വസ്തു നികുതി ഈടാക്കി - 18619/- രൂപയുടെ വരവ് നഷ്ടം.
03/06/2017 ൽ വസ്തു നികുതി സ്വീകരിച്ചപ്പോൾ സഞ്ചയ/ഡിമാന്റ് നോട്ടീസ് എന്നിവ പരിശോധിക്കാതെ തുക സ്വീകരിച്ചത് മൂലം 18619/-രൂപയുടെ കുറവ് വന്നിട്ടുണ്ട്.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സഞ്ചയ/ഡിമാന്റ് നോട്ടീസ് | | | | നികുതി ഈടാക്കിയ | ഈടാക്കി-യതിൽ കുറവ് | ബുക്ക് നം, രസീത് നം & തീയതി |
|---|---|---|---|---|---|---|---|---|
| | | വർഷം | വസ്തു നികുതി | പലിശ | ആകെ | | | |
| 1 | X/441 | 2013-14<br>2014-15<br>2015-16<br>2016-17 | 3124 | 713 | 3837 | 781 | 3056 | 12257/12<br>03-06-17 |
| 2 | X/440 | 2013-14<br>2014-15<br>2015-16<br>2016-17 | 2612 | 596 | 3208 | 653 | 2555 | 12257/13<br>03-06-17 |
| 3 | X/439 | 2013-14<br>2014-15<br>2015-16<br>2016-17 | 2384 | 544 | 2928 | 596 | 2332 | 12257/14<br>03-06-17 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 4 | X/171 | 2013-14<br>2014-15<br>2016-17 | 207 | 51 | 258 | 207 | 51 | 12257/15<br>03-06-17 |
| 5 | X/170 | 2013-14<br>2014-15<br>2016-17 | 207 | 51 | 258 | 207 | 51 | 12257/16<br>03-06-17 |
| 6 | X/169 | 2013-14<br>2014-15<br>2015-16 | 207 | 59 | 266 | 207 | 59 | 12257/17<br>03-06-17 |
| 7 | X/168 | 2013-14<br>2014-15<br>2015-16 | 207 | 59 | 266 | 207 | 59 | 12257/18<br>03-06-17 |
| 8 | X/167 | 2013-14<br>2014-15<br>2015-16 | 207 | 59 | 266 | 207 | 59 | 12257/19<br>03-06-17 |
| 9 | X/166 | 2013-14<br>2014-15<br>2016-17 | 207 | 51 | 258 | 207 | 51 | 12257/20<br>03-06-17 |
| 10 | X/165 | 2013-14<br>2014-15 | 207 | 51 | 258 | 207 | 51 | 12257/21<br>03-06-17 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 2016-17 | | | | | | |
| 11 | X/164 | 2013-14<br>2014-15<br>2016-17 | 207 | 51 | 258 | 207 | 51 | 12257/22<br>03-06-17 |
| 12 | X/172 | 2013-14<br>2014-15<br>2015-16 | 35856 | 10244 | 46100 | 35856 | 10244 | 12257/24<br>03-06-17 |
| | | ആകെ | | | | | 18619 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/27-06-2017) മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുക നികുതി ദായകരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ലേല നിബന്ധനപ്രകാരമുള്ള 19825/-രൂപയ്ക്ക് പലിശ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2016-17 സാമ്പത്തിക വർഷം മത്സ്യ മാർക്കറ്റ് നടത്തുന്നതിനുള്ള അവകാശം 15 ലക്ഷം രൂപയ്ക്ക് 03/03/2016-ൽ നടന്ന ലേലം, 05/03/2016 ലെ 1(5) പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ശ്രീ. റഷീദ് അലിക്ക് ലഭിക്കുകയും 16/3/2016-ൽ കരാർപത്രം സമർപ്പിക്കുകയും ചെയ്തു. ലേല തുകയുടെ 75% കരാറിലേർപ്പെടുന്ന തീയതിയിൽ അടവാക്കേണ്ടതാണെന്നും, ബാക്കി 25% തുക 30/09/2016-ൽ അടവാക്കേണ്ടതാണെന്നും, 75% തുക കരാറിലേർപ്പെടുന്ന തീയതിയിൽ അടവാക്കി-യില്ലെങ്കിൽ ലേലം റദ്ദാക്കുന്നതാണെന്നും, ബാക്കി 25% തുക 30/09/2016 ൽ അടവാക്കിയില്ലെങ്കിൽ 18% പലിശ ഈടാക്കുന്നതാണെന്നും ലേല നിബന്ധനകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ.റഷീദ് അലി, 16/03/2016 നകം 11.25ലക്ഷം രൂപയും, 30/09/2016 ബാക്കി തുക പൂർണ്ണമായും അടയ്ക്കുണമായിരുന്നെങ്കിലും, മേൽ തീയതികളിൽ യഥാക്രമം 5 ലക്ഷം, 2 ലക്ഷം രൂപ വീതം ആകെ 7 ലക്ഷം രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 18/02/2017 ടിയാൻ മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെങ്കിലും, കാലാവധിയ്ക്കു ശേഷം അടവാക്കിയ തുകയ്ക്ക്(8 ലക്ഷം രൂപ) ലേല നിബന്ധന പ്രകാരം വ്യവസ്ഥ ചെയ്തതനുസരിച്ച്, പലിശ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പണം ഒടുക്കിയ | തുക | കാല | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|

| തീയതി | | താമസം | പലിശ |
|---|---|---|---|
| 04/10/2016 | 100000 | 4 | 197 |
| 19/10/2016 | 100000 | 19 | 937 |
| 31/10/2016 | 100000 | 31 | 1529 |
| 24/11/2016 | 100000 | 24 | 1184 |
| 13/12/2016 | 100000 | 43 | 2121 |
| 31/12/2016 | 100000 | 61 | 3008 |
| 18/02/2017 | 200000 | 110 | 10849 |
| ആകെ | 800000 | | 19825 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27-06-2017) മറുപടി ലഭ്യമാക്കിയില്ല. 19825/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-6 കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 150 ച.മി കവിഞ്ഞ കെട്ടിടങ്ങൾക്കും പെർമിറ്റ് ഫീസ് നിരക്കിലെ ഇളവ് നല്കി 551/- രൂപ വരവ് നഷ്ടം

കാറ്റഗറി 1 വിഭാഗത്തിൽ ഉൾപെട്ട പഞ്ചായത്തുകളിലെ 150 ചതുരശ്ര മീറ്ററിൽ താഴെ തറ വിസ്തീർണം ഉള്ള ഗ്രൂപ്പ് എ ഒക്കപ്പെൻസികൾക്ക് KPBR ചട്ടം 11(3) പട്ടിക 2 കുറിപ്പ് 1 പ്രകാരം അനുവദിച്ചിട്ടുള്ള പെർമിറ്റ് ഫീസ് നിരക്കിലെ ഇളവ് നിലവിലുള്ളതും, നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം 150 ച.മി കവിഞ്ഞ കെട്ടിടങ്ങൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | പെർമിറ്റ് നമ്പർ (KPBR) | തീയതി | നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|---|---|
| അബൂബക്കർ | 848/16-17 | 18/03/2017 | 170.6 (37+133.6) | 334 | 668 | 334 |

| | | | | | | |
|---|---|---|---|---|---|---|
| തെരുവിൽ ചരുവിള | | | | | | |
| മഞ്ചുള, സരസ്വതി വിലാസം | 875/16-17 | 19/01/2017 | 194 (107+87) | 218 | 435 | 217 |
| ആകെ | | | | | | 551 |

വരവിൽ കുറവ് വന്ന 551/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-7 വസ്തുനികുതി നിർണയിച്ചതിൽ 3275/- രൂപയുടെ കുറവ്

2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നടത്തിയ വസ്തു നികുതി നിർണ്ണയങ്ങളിൽ അനുവദനീയമല്ലാത്ത ഇളവുകൾ അനുവദിച്ചതിലൂടെ 3275/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) വഴി സൗകര്യത്തിന് ആനുപാതികമായ വർദ്ധനവ് വരുത്തിയില്ല

5 മീറ്ററിലധികം വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2, ക്രമ നമ്പർ 4 ൽ അനുശാസിക്കുന്ന 20% നികുതി വർദ്ധന വരുത്തേണ്ടതാണ്. ചട്ടം 6 പട്ടിക 2 കുറിപ്പ് (1) പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ടു തരം റോഡുകളുണ്ടായിരിക്കുകയും അവയിൽ ഒരു റോഡിൽ നിന്നു മാത്രം കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്ന സംഗതിയിൽ അവയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. ചട്ടം 6 പട്ടിക 2 കുറിപ്പ് (2) പ്രകാരം ഏതെങ്കിലും ഒരു പ്രധാന റോഡിൽ നിന്ന് 10 മീറ്റർ മാത്രം ദൂരത്തിൽ മറ്റൊരു അപ്രധാന റോഡ് മുഖേനയോ പൊതു നടപ്പാത മുഖേനയോ കെട്ടിടത്തിലേക്ക് വഴി സൗകര്യം ലഭ്യമായിട്ടുള്ള സംഗതിയിൽ പ്രധാന റോഡിൽ നിന്ന് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണ്. മേൽ വ്യവസ്ഥകൾ പാലിക്കാതിരുന്നതുമൂലം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധന വരുത്തുന്നതിൽ നിന്നും ഒഴിവായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പരും മറ്റ് വിശദാംശങ്ങളും | വഴി സൗകര്യത്തിന്റെ വിശദാംശം (പ്ലാൻ പ്രകാരം) | വസ്തു നികുതി നിർണയിച്ച രീതി | വസ്തു നികുതി നിർണയിക്കേണ്ട രീതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | XIX/650<br>അബിലാഷ് പി.സി<br>പുത്തൻ പുരയ്ക്കൽ | പ്ലോട്ട് മൂവാറ്റുപുഴ-പുനലൂർ സംസ്ഥാന ഹൈവേയുമായി അതിരിടുകയും 10 മീറ്ററിൽ താഴെ | അടിസ്ഥാന നികുതി= 1294<br>പ്രഥമമേഖല = 00 | അടിസ്ഥാന നികുതി = 1294<br>പ്രഥമ മേഖല = 00 | 272 |

| | | | | | |
|---|---|---|---|---|---|
| | (പാർപ്പിട കെട്ടിടം) വിസ്തീർണം-215.64 ച.മീ (6/-രൂപ നിരക്കിൽ) | ദൂരത്തിൽ ഇടത്തറ – ശാസ്താംകാവ് റോഡിൽ നിന്നും പ്രവേശനം | വഴി സൗകര്യം = 00<br>1294<br>ലൈ.സെസ് = 65<br>ആകെ = 1359 | വഴി സൗകര്യം = 259<br>1553<br>ലൈ.സെസ് = 78<br>ആകെ = 1631 | |
| 2 | II/352<br>ഷഫീക്ക്,കമ്പിക്കൽ<br>(പാർപ്പിട കെട്ടിടം )<br>വിസ്തീർണം -226.7 ച.മീ<br>(6/-രൂപ നിരക്കിൽ) | പത്തനാപുരം – പൂങ്കുളഞ്ഞി റോഡിൽ ( 6.50 മീറ്റർ വീതി) നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 1360<br>ത്രിതീയ മേഖല = (-) 272<br>വഴി സൗകര്യം = 00<br>1088<br>ലൈ.സെസ് = 55<br>ആകെ = 1143 | അടിസ്ഥാന<br>നികുതി = 1360<br>ത്രിതീയ<br>മേഖല = (-) 272<br>വഴി സൗകര്യം = 272<br>1360<br>ലൈ.സെസ് = 68<br>ആകെ = 1428 | 285 |
| 3 | IX/858<br>സുന മത്തായി<br>സുന ഭവനം<br>(പാർപ്പിട കെട്ടിടം )<br>വിസ്തീർണം- 190.42 ച.മീ<br>(6/-രൂപ നിരക്കിൽ) | കംപ്ലീഷൻ പ്ലാൻ പ്രകാരം 5.7 മീറ്റർ വീതിയുള്ള റോഡിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 1143<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>1143<br>ലൈ.സെസ് = 58<br>ആകെ = 1201 | അടിസ്ഥാന<br>നികുതി = 1143<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 229<br>1372<br>ലൈ.സെസ് = 69<br>ആകെ 1441 | 240 |
| 4 | V/517<br>രഞ്ജിത്ത് ഗണേശകൃപ<br>(പാർപ്പിട കെട്ടിടം )<br>വിസ്തീർണം- 122 ച.മീ<br>(6/-രൂപ നിരക്കിൽ) | കംപ്ലീഷൻ പ്ലാൻ പ്രകാരം 6.00 മീറ്റർ വീതിയുള്ള കരിശ്ശുംമൂട് -മൃഗാശുപത്രി റോഡിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 732<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------ | അടിസ്ഥാന<br>നികുതി = 732<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 146<br>------ | 153 |

| | | | | | |
|---|---|---|---|---|---|
| | | | 732<br>ലൈ.സെസ് = 37<br>ആകെ = 769 | 878<br>ലൈ.സെസ് = 44<br>ആകെ = 922 | |
| 5 | XII/582<br>നൗഷാദ്/ ബുഷ്റ<br>മലൻകാവിൽ പുത്തൻ വീട്<br>(വാണിജ്യ കെട്ടിടം )<br>വിസ്തീർണം-17 ച.മീ<br>(50/-രൂപ നിരക്കിൽ) | കംപ്ലീഷൻ പ്ലാൻ പ്രകാരം 6.00 മീറ്റർ വീതിയുള്ള കുണ്ടയം-പത്തനാപുരം റോഡിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 850<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------<br>850<br>ലൈ.സെസ് = 43<br>-------<br>ആകെ = 893 | അടിസ്ഥാന<br>നികുതി = 850<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 170<br>------<br>1020<br>ലൈ.സെസ് = 43<br>-------<br>ആകെ = 1063 | 170 |
| 6 | XII/581<br>നൗഷാദ്/ ബുഷ്റ<br>മലൻകാവിൽ പുത്തൻ വീട്<br>(പാർപ്പിട കെട്ടിടം)<br>വിസ്തീർണം-156 ച.മീ<br>(6/-രൂപ നിരക്കിൽ) | കംപ്ലീഷൻ പ്ലാൻ പ്രകാരം 6.00 മീറ്റർ വീതിയുള്ള കുണ്ടയം-പത്തനാപുരം റോഡിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 936<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------<br>936<br>ലൈ.സെസ് = 47<br>-------<br>ആകെ = 983 | അടിസ്ഥാന<br>നികുതി = 936<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 187<br>------<br>1123<br>ലൈ.സെസ് = 56<br>-------<br>ആകെ = 1179 | 196 |
| 7 | XIV/581<br>സിജിൻ. എസ് | കംപ്ലീഷൻ പ്ലാൻ പ്രകാരം 13.6 മീറ്റർ വീതിയുള്ള ഏനാത്ത്- | അടിസ്ഥാന<br>നികുതി = 1547 | അടിസ്ഥാന<br>നികുതി = 1547 | 325 |

| | | | | | |
|---|---|---|---|---|---|
| | പ്ലാവിള<br>(പാർപ്പിട കെട്ടിടം )<br>വിസ്തീർണം-<br>257.72 ച.മീ<br>(6/-രൂപ നിരക്കിൽ) | പത്തനാപുരം<br>(പി. ഡബ്ല്യു ഡി)<br>റോഡിൽ നിന്നും<br>പ്രവേശനം | ദ്വിതീയ മേഖല<br>= (-) 155<br>തറയുടെ തരം<br>= (+) 232<br>വഴി സൗകര്യം<br>= 00<br>------<br>1624<br>ലൈ.സെസ് = 82<br>-------<br>ആകെ = 1706 | ദ്വിതീയ മേഖല<br>= (-) 155<br>തറയുടെ തരം<br>= (+) 232<br>വഴി സൗകര്യം<br>=(+) 310<br>------<br>1934<br>ലൈ.സെസ് = 97<br>-------<br>ആകെ = 2031 | |
| 8 | XIV/530<br>മാഹിൻ റഹമത്ത്<br>മരുതിമൂട്ട് പുരയിടം<br>(പാർപ്പിട കെട്ടിടം )<br>വിസ്തീർണം-133ച.മീ<br>(6/-രൂപ നിരക്കിൽ) | കംപ്ലീഷൻ പ്ലാൻ<br>പ്രകാരം 5.40 മീറ്റർ<br>വീതിയുള്ള മൂലക്കട<br>ജം.- ചെമ്മാൻകോട്<br>റോഡിൽ നിന്നും<br>പ്രവേശനം | അടിസ്ഥാന<br>നികുതി = 798<br>ദ്വിതീയ മേഖല<br>=(-) 79<br>വഴി സൗകര്യം<br>= 00<br>------<br>719<br>ലൈ.സെസ് = 36<br>-------<br>ആകെ = 755 | അടിസ്ഥാന<br>നികുതി = 798<br>ദ്വിതീയ മേഖല<br>= (-) 79<br>വഴി സൗകര്യം<br>= 160<br>------<br>879<br>ലൈ.സെസ് = 44<br>-------<br>ആകെ = 923 | 168 |
| 9 | XVI/671<br>രാഹുൽ ജോർജ്ജ്<br>നൈനാൻ<br>തെക്കേടത്ത് ബഥേൽ<br>(വാണിജ്യ കെട്ടിടം )<br>വിസ്തീർണം-<br>34.58 ച.മീ<br>(50/-രൂപ നിരക്കിൽ) | പ്ലോട്ടിന് (സർവ്വേ നം<br>3060/2) കായംകുളം-<br>പുനലൂർ സംസ്ഥാന<br>ഹൈവേയിൽ നിന്നും<br>പ്രവേശനം | അടിസ്ഥാന<br>നികുതി = 1729<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------<br>1729<br>ലൈ. സെസ് = 87<br>-------<br>ആകെ = 1816 | അടിസ്ഥാന<br>നികുതി = 1729<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം =346<br>------<br>2075<br>ലൈ. സെസ് = 104<br>-------<br>ആകെ = 2179 | 363 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 10 | XVI/672<br>രാഹുൽ ജോർജ്ജ് നൈനാൻ<br>തെക്കേടത്ത് ബഥേൽ<br>(വാണിജ്യ കെട്ടിടം )<br>വിസ്തീർണം-19.8 ച.മീ<br>(50/-രൂപ നിരക്കിൽ) | പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 941<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------<br>941<br>ലൈ.സെസ് = 48<br>-------<br>ആകെ = 989 | അടിസ്ഥാന<br>നികുതി = 941<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 188<br>------<br>1129<br>ലൈ.സെസ് = 57<br>-------<br>ആകെ = 1186 | 197 |
| 11 | XVI/673<br>രാഹുൽ ജോർജ്ജ് നൈനാൻ<br>തെക്കേടത്ത് ബഥേൽ<br>(വാണിജ്യ കെട്ടിടം )<br>വിസ്തീർണം-43.03 ച.മീ<br>(50/-രൂപ നിരക്കിൽ) | പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 2152<br>പ്രഥമ മേഖല = 00<br>ഒന്നാം നില = (-) 107<br>വഴി സൗകര്യം = 00<br>------<br>2045<br>ലൈ.സെസ് = 103<br>-------<br>ആകെ = 2148 | അടിസ്ഥാന<br>നികുതി = 2152<br>പ്രഥമ മേഖല = 00<br>ഒന്നാം നില = (-) 107<br>വഴി സൗകര്യം = 430<br>------<br>2475<br>ലൈ.സെസ് = 124<br>-------<br>ആകെ = 2599 | 451 |
| 12 | XVI/676<br>രാഹുൽ ജോർജ്ജ് നൈനാൻ<br>തെക്കേടത്ത് ബഥേൽ<br>(വാണിജ്യ കെട്ടിടം )<br>വിസ്തീർണം-16.78 ച.മീ<br>(50/-രൂപ നിരക്കിൽ) | പ്ലോട്ടിന് (സർവ്വേ നം 3060/2) കായംകുളം-പുനലൂർ സംസ്ഥാന ഹൈവേയിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 839<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------<br>839 | അടിസ്ഥാന<br>നികുതി = 839<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 168<br>------<br>1129 | 177 |

| | | | | | |
|---|---|---|---|---|---|
| | | | ലൈ.സെസ് = 42<br>-------<br>ആകെ = 881 | ലൈ.സെസ് = 51<br>-------<br>ആകെ = 1058 | |
| 13 | XVIII/774<br>ദിനേഷ് കുമാർ<br>ശ്രീഗോവിന്ദം<br>(പാർപ്പിട കെട്ടിടം )<br>വിസ്തീർണം- 187.59 ച.മീ<br>(6/-രൂപ നിരക്കിൽ) | ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം 8.00 മീറ്റർ റോഡിൽ നിന്നും പ്രവേശനം | അടിസ്ഥാന<br>നികുതി = 1126<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 00<br>------<br>1126<br>ലൈ. സെസ് = 57<br>-------<br>ആകെ = 1183 | അടിസ്ഥാന<br>നികുതി = 1126<br>പ്രഥമ മേഖല = 00<br>വഴി സൗകര്യം = 225<br>------<br>1351<br>ലൈ.സെസ് = 68<br>-------<br>ആകെ = 1419 | 236 |
| | ആകെ | | | | 3233 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണയിക്കേണ്ടതാണ്.

## 2-8 ഷോപ്പിംഗ് കോംപ്ലക്സിലെ വാടക 192666/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു

2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് വാടക ഒടുക്കാത്ത വാടകക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കുടിശ്ശിക വരുത്തിയ വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ബിജു ഡാനിയേൽ<br>തോട്ടത്തിൽ കാലായിൽ | 64 | 4249 | 2016-17 | 50988 |
| 2 | മാനേജർ<br>ദേശാഭിമാനി | 65 | 496 | 16-17 | 5952 |
| 3 | റീജ, റീനാ മൻസിൽ | 103 | 552 | 16-17 | 6624 |
| 4 | പ്രസിഡന്റ് | 144 | 215 | 16-17 | 2580 |

| | | | | | |
|---|---|---|---|---|---|
| | പ്രസ്സ് ക്ലബ്ബ് | | | | |
| 5 | നാരായണി<br>സാലിഭവൻ | 35-sp3 | 2376 | 16-17 | 28512 |
| 6 | ഷാജി<br>ലക്ഷ്മി നിവാസ്<br>മഞ്ചള്ളൂർ | 39 sp-7 | 2625 | 16-17 | 31500 |
| 7 | അബ്ദുൾ കരിം<br>ഷാനവാസ് മൻസിൽ | 42 dp-2 | 5336 | 16-17 | 64032 |
| 8 | മുഹമ്മദാലി<br>കാക്കംമ്മൂട്, തെക്കേതിൽ | 127a | 826 | 01/17-3/17 | 2478 |
| ആകെ | | | | | 192666 |

മേൽ വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/28-06-2017) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക തുക സർവ്വീസ് ചാർജ്ജും പലിശയുമുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃസമിതികൾ വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

2016-17 സാമ്പത്തിക വർഷം നടത്തിയിട്ടുള്ള മിക്ക മരാമത്ത് പ്രവൃത്തികളുടേയും നിർവ്വഹണം ഗുണഭോക്തൃ സമിതി വഴിയാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി സമിതി മാർഗരേഖയിലെ പല നിർദ്ദേശങ്ങളും പാലിക്കുന്നില്ല. കൂടാതെ കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13-ൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കുന്നില്ല. വിശദ വിവരം താഴെക്കൊടുക്കുന്നു.

എ)പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റേയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.

ബി) മസ്റ്റർ റോൾ ക്രമപ്രകാരം തയ്യാറാക്കിയിട്ടില്ല.

സി) ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം രൂപീകരണ യോഗത്തിൽ അവസാനിക്കുന്നു.

ഡി) ഗുണഭോക്തൃ സമിതിയുടെ ചെലവ് രേഖകൾ ഹാജരാക്കാതെ തന്നെ അന്തിമ ബിൽ നല്കി വരുന്നു.

ഇ) അന്തിമ ബിൽ ലഭിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ യോഗം ചേർന്ന് വരവ്-ചെലവു കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മിറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം. ഇപ്രകാരം ചെയ്ത് വരുന്നില്ല.

സുതാര്യമായും ബിനാമി ഇടപാടുകൾക്ക് ഇടവരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതിവഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും കൃത്യമായി പാലിക്കേണ്ടതാണ്.

## 3-2 ഉദ്ഘാടന യോഗങ്ങൾക്ക് അധികം തുക ചെലവഴിച്ചു - 42374/- രൂപ നിരാകരിക്കുന്നു.

സ.ഉ.(സാ.ധാ) നം. 3866/2015/ത.സ്വ.ഭ.വ/28-12-2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന യോഗങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 25,000/- രൂപയും, അല്ലാതെയുള്ള ഉദ്ഘാടനങ്ങൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 10,000/- രൂപായും ആണ്. തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ഇപ്രകാരം തുക ചെലവഴിക്കാവുന്നതാണ്. ഈ പരിധിക്ക് അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഉത്തരവാദിയായിരിക്കും.

1) 08-12-2016ൽ നടന്ന മന്ത്രി പങ്കെടുക്കാത്ത ഹരിത കേരളം പഞ്ചായത്ത് തല ഉദ്ഘാടനത്തിന്റെ ചെലവ് വിവരം താഴെക്കൊടുക്കുന്നു.

| ക്ര.നം | ഇനം | തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|
| 1 | ഉദ്ഘാടനം, മൈക്ക്സെറ്റ് വാടക | 3900 | 003564/14-12-2016 |
| 2 | ഉദ്ഘാടനം,ഫ്ലക്സ് ബോർഡ് | 4800 | 004184/22-12-2016 |
| 3 | ഉദ്ഘാടനം,പന്തൽ,സ്റ്റേജ് | 9500 | 004185/22-12-2016 |
| 4 | ഉദ്ഘാടനം,ചായ, ലഘുഭക്ഷണം | 870 | 004186/22-12-2016 |
| | ആകെ | 19070 | |

ചെലവഴിക്കാവുന്നതിനേക്കാൾ 9,070/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

2)15-11-2016ൽ നടന്ന മന്ത്രി പങ്കെടുക്കാത്ത ശബരിമല ഇടത്താവളം ഉദ്ഘാടനത്തിന്റെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | ഇനം | തുക (രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|
| 1 | ഉദ്ഘാടനം, മൈക്ക്സെറ്റ് വാടക, അനൗൺസ് മെന്റ് ചെലവ് | 19804 | 189178/22-11-2016 |

| | | | |
|---|---|---|---|
| 2 | ഉദ്ഘാടനം, പന്തൽ, സ്റ്റേജ് | 19000 | 189177/21-11-2016 |
| 3 | ഉദ്ഘാടനം, ഫ്ലെക്സ് ബോർഡ് | 4500 | |
| | ആകെ | 43304 | |

ചെലവഴിക്കാവുന്നതിനേക്കാൾ 33304/-രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. രണ്ട് ഉദ്ഘാടനങ്ങൾക്കുമായി അധികമായി ചെലവഴിച്ച 42374/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 പട്ടികജാതി ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മാണം നിർവ്വഹണത്തിലെ അപാകതകൾ മൂലം 2015268/രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിൽ പട്ടികജാതിക്കാരായ ഗുണഭോക്താക്കളുടെ ഭൂമിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്. എസ് സി പി ഫണ്ട് വകയിരുത്തിയ പ്രവൃത്തികളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടില്ല. ഏതെല്ലാം വ്യക്തികളുടെ സ്ഥലത്താണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. വ്യക്തിഗത ആനുകൂല്യം നല്കുന്ന പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ ഗ്രാമസഭ തെരെഞ്ഞെടുക്കണമെന്ന മാനദണ്ഡം പാലിച്ചിട്ടില്ല. മാത്രമല്ല 2016-17 സാമ്പത്തിക വർഷം പ്രാബല്യത്തിലുണ്ടായിരുന്ന സബ്സിഡി മാർഗരേഖയിൽ വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യാവുന്ന ഇനങ്ങളിൽ സൈഡ് വാൾ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് പ്രകാരം ചെലവ് ചെയ്ത തുകകളുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | ചെലവ് തുക | ബിൽനം/ തീയതി |
|---|---|---|---|
| 1 | കണ്ണങ്കര മണ്ണിൽ പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(111/17) | 165132 | 9/16-17/ 30-01-2017 |
| 2 | നീലിക്കോണം പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(171/17) | 389403 | 47/16-17/ 29-03-2017 |
| 3 | തേവലക്കര വെട്ടി അയ്യം പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(164/17) | 266310 | 66/16-17/ 30-03-2017 |

| | | | |
|---|---|---|---|
| 4 | തോണിക്കുഴി-കിഴക്കേക്കര പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി (65/17) | 269607 | 50/16-17/ 29-03-2017 |
| 5 | ചേലക്കോട് പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(175/17) | 390132 | 21/16-17/ 08-03-2017 |
| 6 | മാങ്കോട് പട്ടികജാതി കോളനി പട്ടികജാതി ഗുണഭോക്താക്കളുടെ വസ്തുവിൽ സംരക്ഷണ ഭിത്തി(220/17) | 534684 | 54,55/16-17/ 30-03-2017 |
| | ആകെ | 2015268 | |

**3-4** <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,</u>**<u>13,43,000/</u>** <u>രൂപ തടസ്സപ്പെട്ടുത്തുന്നു.</u>

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രോജക്ടിന്റെ പേര്, നം.&ഫണ്ടിനം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക ഒടുക്കുവരുത്തിയിട്ടുള്ള സ്ഥാപനം | തുക | ചെക്ക്/ ബിൽനം |
|---|---|---|---|---|---|
| 1 | ബാബാസാഹിബ് നഗർ പട്ടികജാതി കോളനികൾക്ക് പൈപ്പ് ലൈൻ വലിച്ച് ഗാർഹിക കണക്ഷൻ നല്കൽ(237/17) (വികസന ഫണ്ട്) | അസിസ്റ്റന്റ് സെക്രട്ടറി | എക്സി.എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, കൊട്ടാരക്കര | 168000 | 18/16-17/ 31-03-2017 |
| 2 | സാമൂഹ്യ സുരക്ഷാ മിഷന് പഞ്ചായത്ത് വിഹിതം (07/17) (വികസന ഫണ്ട്) | സെക്രട്ടറി | എക്സി.ഡയറക്ടർ കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ, | 100000 | 20/16-17 20-03-2017 |

| | | | | | |
|---|---|---|---|---|---|
| 3 | സ്ട്രീറ്റ് മെയിൻ വലിക്കൽ(239/17) (വികസന ഫണ്ട്) | സെക്രട്ടറി | എക്സി.എഞ്ചിനീയർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ,പുനലൂർ | 705000 | 23/16-17 31-03-2017 |
